**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48** — **05-10-2021 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എച്ച്. സലാം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ സേവന മേഖലകളിലേക്ക് കൂടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയെന്ന ലക്ഷ്യത്തോടെ യുവസംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. എെ.ടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖലകളിൽ തല്പരർ, ഡിസൈൻ, ആർട്ടിസ്റ്റ് ഉടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും, സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനമേഖലയും രീതിയും വിശദമാക്കാമോ; | (ബി) | ഉണ്ട്. എെ.ടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖലകളിൽ തല്പരർ, ഡിസൈൻ, ആർട്ടിസ്റ്റ് ഉടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ |

| | | | |
|---|---|---|---|
| | | | ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും, സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) | യുവശക്തി സമന്വയിപ്പിക്കാനും നൂതനാശയങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കാനും നേതൃത്വപരമായ പങ്ക് വഹിക്കാൻ സഹകരണവകുപ്പിന് പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | യുവശക്തി സമന്വയിപ്പിക്കാനും നൂതനാശയങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കാനും യുവാക്കളെ പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണം, സംരംഭകത്വം, അക്കൗണ്ടിംഗ് മുതലായ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ